**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2432 05.11.2019-ലെ മറുപടിക്ക്

**കെയർ കേരളം ലിമിറ്റഡിനെ സംരക്ഷിക്കുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൊരട്ടി കിൻഫ്ര പാർക്കിൽ പ്രവർത്തിച്ചുവരുന്ന കെയർ കേരളം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ബാങ്ക് വായ്പയുടെ കുടിശ്ശികയെത്തുടർന്നു തുടർപ്രവർത്തനം നടത്താൻ സാധിക്കാതെ വന്നിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഭക്ഷ്യവസ്തുക്കളുടെയും, ആയുർവ്വേദ, അലോപ്പതി ഔഷധങ്ങളുടെയും പരിശോധനയും, ഗവേഷണവും,ആയുർവ്വേദ മരുന്നുകളുടെ ടോക്സിസിറ്റി നിർണ്ണയിക്കുന്നതിനുള്ള ലാബോറട്ടറിയും അടക്കമുള്ള നൂതന സൗകര്യങ്ങളോടുകൂടിയ ഈ സ്ഥാപനത്തിനെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിച്ചിട്ടുണ്ടോ; | **(ബി)&(സി)** കെയർ കേരളത്തിന്റെ ഇതുവരെയുള്ള നഷ്ടം 6.76 കോടി രൂപയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് നൽകുവാനുള്ള വായ്പാ തുകയും പലിശയും 11.21 കോടി രൂപയും വരുന്നതിനാൽ നിലവിലുള്ള കട ബാധ്യത ഒഴിവാക്കി സ്ഥാപനത്തെ മുന്നോട് കൊണ്ട് പോകാനുള്ള സാധ്യതകൾ 29.10.2019-ന് കൂടിയ യോഗം ചർച്ച ചെയ്യുകയുണ്ടായി. |
| (സി) കൊരട്ടി കിൻഫ്രയിലെ "കെയർ കേരളം-ആയുർവ്വേദ കൺസോർഷ്യ"ത്തെ സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | |

Shebna

**സെക്ഷൻ ഓഫീസർ**